STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.240/PR/SPMC/PHQ/2025 Date: 19.08.2025

## മനുഷ്യക്കടത്ത് പ്രതിരോധിക്കുന്നത് സംബന്ധിച്ച് ഏകദിന സെമിനാർ നാളെ

മനുഷ്യക്കടത്ത് തടയുന്നതിന്നും ഇതുമായി ബന്ധപെട്ട പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനെയും ആസ്പദമാക്കിയുള്ള ഏകദിന സെമിനാർ നാളെ (ആഗസ്റ്റ് 20) തിരുവനന്തപുരത്ത് തൈക്കാട്ടുള്ള പൊലീസ് ട്രെയിനിംഗ് കോളേജിൽ നടക്കും.

കേരള പൊലീസും അസോസിയേഷൻ ഫോർ വോളന്ററി ആക്ഷൻ എന്ന സംഘടനയും സംയുക്തമായി സംഘടിപ്പിക്കുന്ന സെമിനാർ നാളെ രാവിലെ 10 ന് സംസ്ഥാന പൊലിസ് മേധാവി രവാഡ ആസാദ് ചന്ദ്രശേഖർ ഉദ്ഘാടനം ചെയ്യും.

എ.ഡി.ജി.പി എസ്. ശ്രീജിത്ത് മുഖ്യപ്രഭാഷണം നടത്തും. രാവിലെ 11 മണിമുതൽ ആരംഭിക്കുന്ന സെമിനാറിൽ മനുഷ്യക്കടത്ത് പ്രതിരോധിക്കുന്നതിനും ഇത്തരത്തിലുള്ള ചതിക്കുഴികളിൽ വീഴാതിരിക്കുന്നതിനുമുള്ള അവബോധം സമൂഹത്തിനു മനസിലാക്കി കൊടുക്കുന്നതിനു വേണ്ടിയുള്ള ചർച്ചകൾ നടക്കും.

ഇന്റലിജൻസ് എ.ഡി.ജി.പി പി വിജയൻ,എസ് സി ആർ ബി ഐജി പ്രകാശ് പി, തിരുവനന്തപുരം റെയ്ഞ്ച് ഡി.ഐ.ജി എസ് അജീത ബീഗം, ഇന്റലിജൻസ് ഡിഐജി ആർ നിശാന്തിനി,സൈബർ എസ്പി അങ്കിത് അശോകൻ ജില്ലാ ലീഗൽ സർവീസ് അതോറിറ്റിയുടെ സെക്രട്ടറിയും സീനിയർ സിവിൽ ജഡ്ജും ആയ എസ് ഷംനാദ് ,അഡ്വക്കേറ്റ് പ്രേംനാഥ് പി , എന്നിവർ ചർച്ചകളിൽ പങ്കെടുക്കും.

****************************